സ്ണാണം

അബ്രഹാം മുക്കത്ത്

സമർപ്പണം

സ്നാനം

സ്നാനത്തിന്റെ ഉദ്ദേശ്യ ലക്ഷ്യം മനസിലാക്കാതെയാണ് പലരും ഇന്ന് സ്നാനത്തിന് വിധേയമാകുന്നത്. സഭകളിലെ ഒരു ചടങ്ങുമാത്രമായി അതിനെ മനുഷ്യർ പിന്തുടരുന്നു.

ക്രിസ്തീയ ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്ത സുപ്രധാന കൂദാശയാണ് സ്നാനം. ചില സഭയിൽ കുട്ടിക്കാലത്ത് തന്നെ ഒരു മദ്ധ്യസ്ഥന്റെ സാന്നിദ്ധ്യത്തിൽ കുട്ടികളെ അംഗങ്ങളായി സ്നാനം കഴിപ്പിക്കുന്നു. മറ്റു ചില സഭകളിലാകട്ടെ പ്രായമായതിന് ശേഷം മാത്രം സ്നാനം നടത്തുന്നു. ചില സഭകളിൽ വെള്ളം തളിച്ച് സ്നാനം നടത്തുമ്പോൾ ചിലവയിൽ വെള്ളത്തിൽ മുക്കി സ്നാനം നടത്തുന്നു. വെള്ളം തളിച്ചാൽ പോരാ വെള്ളത്തിൽ മുക്കിയാണ് സ്നാനം നടത്തേണ്ടതെന്ന് ചിലർ പറയുകയാൽ അത്തരം സ്നാനം സ്വീകരിക്കാൻ നിർബന്ധിതരായ ചിലർ മറ്റു സഭകളിലേക്ക് പോകുന്നത് കണ്ട് ഇപ്പോൾ ചില സഭകളിൽ വെള്ളം നിർത്താൻ ഒരു വലിയ ടാങ്കുണ്ടാക്കി അതിൽ മുക്കി സ്നാനം നടത്തി വരുന്നു.

ഇന്നത്തെ സ്നാനത്തിന്റെ അടിസ്ഥാനം യോർദ്ദാൻ നദിയിൽ നിന്നും തുടങ്ങുന്നു. യെഹൂദന്മാരും മുസ്ളീമുകളും ക്രിസ്ത്യാനികളും ആദരിക്കുന്ന പുണ്യനദി യോർദ്ദാന്റെ ഉത്ഭവം പ്രധാനമായി ഹെർമോൻ പർവത നിരകളുടെ പാർശ്വഭാഗത്തുയനിന്നാണ്. മൂന്നു ചെറു നദികൾ യോർദ്ദാനിൽ ചേരുന്നുണ്ട്. ഗലീലക്കടൽ യോർദ്ദാന്റെ ഇടത്തവള തടാകമാണ്. അവിടെ നിന്നും വീണ്ടും തെക്കോട്ടൊഴുകി ചെങ്കടലിൽ ചെന്നവസാനിക്കുന്നു. ഇരുന്നൂറിൽപരം കിലോമീറ്റർ മാത്രമാണ് യോർദ്ദാന്റെ നീളം.

സമുദ്രനിരപ്പിൽ നിന്നും താഴെയാണ് ചെങ്കടലിന്റെ നിരപ്പ്. ധാതു ലവണങ്ങൾ ധാരാളം ലയിച്ചു ചേർന്നിരിക്കുന്ന ചെങ്കടലിൽ മനുഷ്യന് താണുപോകാതെ പൊങ്ങിക്കിടക്കാൻ കഴിയുന്നു. സമുദ്രത്തിൽ ചെന്നു ചേരാത്ത നദികളുടെ കൂട്ടത്തിൽ യോർദാനും പെടുന്നു.

യേശുക്രിസ്തു യോഹന്നാനിൽ നിന്നും സ്നാനമേറ്റത് യോർദ്ദാൻ നദിയിലാണ്. അവർ ഇരുവരും വെള്ളത്തിൽ ഇറങ്ങിയാകണം സ്നാനം നടന്നത്. മറ്റൊരു ഭാഗത്ത് ഇതു വ്യക്തമാക്കുന്നുണ്ട്. ഇതാണ് ചില സഭക്കാർ വെള്ളത്തിൽ ഇറങ്ങി മുങ്ങി സ്നാനപ്പെടണം എന്ന് പറയാനുള്ള കാരണം. വെള്ളം തളിച്ചതുകൊണ്ടായില്ല, വെള്ളത്തിൽ ഇറങ്ങി മുങ്ങിയാൽ മാത്രമേ സ്നാനം പൂർത്തിയാകുകയുള്ളു എന്ന് ചിലർ വാദിക്കുന്നു.

ക്രിസ്തീയ സഭയിൽ അംഗമാകണമെങ്കിൽ സ്നാനം ഏൽക്കണം. അതുകൊണ്ട് ഇന്നതൊരു അവശ്യ കൂദാശയാണ്. അല്ലെങ്കിൽ സഭയുടെ ഭാഗമാകാൻ കഴിയില്ല. മാമോദീസാ വെള്ളം തലയിൽ വീഴുന്നത് ഒരു അനുഗ്രഹമായി ചിലർ കരുതുന്നു. പാപമോചനത്തെക്കുറിക്കുന്ന സ്നാനം എന്നും പാപമോചനത്തിനുള്ള സ്നാനം, മാമോദീസ എന്നും സ്നാനത്തെക്കുറിച്ച് പറയപ്പെടുന്നു.

വെള്ളത്താലും ആത്മാവിനാലും സ്നാനപ്പെട്ടില്ലെങ്കിൽ(ജനിച്ചില്ലയെങ്കിൽ) സ്വർഗരാജ്യം കാണാൻ കഴിയില്ല. അതുകൊണ്ട് ആദ്യപടിയായി വെള്ളത്താലുള്ള സ്നാനം വെള്ളം തളിച്ചൊ, വെള്ളത്തിൽ മുങ്ങിയൊ നടത്തപ്പെടുന്നു. വെള്ളത്തിൽ മുങ്ങുന്നത് ജഡീക മനുഷ്യന്റെ മരണമായും വെള്ളത്തിൽ നിന്നും പൊങ്ങുന്നത് ആത്മീയ

മനുഷ്യന്റെ ജനനമായും വ്യാഖ്യാനിക്കുന്നവർ ഉണ്ട്. സ്നാനത്തെക്കുറിച്ച് വ്യക്ത മായ വിശദീകരണങ്ങൾ ബൈബിളിൽ ഇല്ലായ്കയാൽ ഓരോരുത്തരും അവരവരുടെ മനോധർമ്മമനുസരിച്ച് വ്യാഖ്യാനിക്കുകയും അത് മാത്രം ശരിയെന്ന് സ്ഥാപിക്കു കയും ചെയ്യുന്നു. പല സുപ്രധാനവിഷയങ്ങളും വിശദീകരണങ്ങളുടെ അഭാവത്താ ൽ മനോധർമ്മത്തിന്റെ വ്യാഖ്യാന ചക്കിൽ കിടന്ന് ഞെരിക്കപ്പെടുന്നത് ഒരു സാധാ രണ സംഭവമാണ്. അതുകൊണ്ട് ഒരേ ബൈബിളിനെ അടിസ്ഥാനപ്പെടുത്തി പല തരത്തിലുള്ള വ്യാഖ്യാനങ്ങളും, ആ വ്യാഖ്യാനം ശരിയെന്ന് വിശ്വസിക്കുന്നവരുടെ കൂട്ടായ്മകളും ഉണ്ടാകുന്നു.

ദൈവത്തിൽ വിശ്വസിച്ചാൽ പോരാ ക്രിസ്തുവിൽ വിശ്വസിക്കണം, ക്രിസ്തുവിൽ വിശ്വസിച്ചാൽ പോരാ, ഒരു പ്രത്യേക സഭക്കാർ പറയുന്നതിൽ വിശ്വസിക്കണം എന്ന അവസ്ഥയിലെത്തി നിൽക്കുകയാണിപ്പോൾ. പിതാവായ ദൈവത്തിൽ വിശ്വസിച്ചതു കൊണ്ട് ആരും രക്ഷപ്രാപിക്കുന്നില്ല, പുത്രനായ ക്രിസ്തുവിലൂടെ മാത്രമാണ് രക്ഷ യുള്ളത്. അതും സാദ്ധ്യമാകണമെങ്കിൽ തിരിച്ചറിവ് വന്നതിനു ശേഷം വെള്ളത്തി ൽ ഇറങ്ങി മുങ്ങി സ്നാനപ്പെടണം. ശൈശവത്തിൽ പള്ളിയിൽ വെച്ച് അച്ചൻ വെ ള്ളം തളിച്ച് സ്നാനപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതു പോരാ, ഒന്നുകൂടെ വെള്ളത്തിൽ ഇറങ്ങി മുങ്ങി സ്നാനം ഏൽക്കണം. അല്ലെങ്കിൽ സ്വർഗരാജ്യത്തിൽ കടക്കാൻ കഴിയില്ല. ഇത്തരത്തിലുള്ള പ്രസ്താവനകൾ ചിലരുടെയെങ്കിലും മനസിൽ സങ്കർ ഷം സൃഷ്ടിക്കുന്നു. “വെള്ളത്തിൽ മുങ്ങാത്തതിന്റെ കുറവുകൊണ്ട് സ്വർഗം നഷ്ടപെ ട്ടാൽ അതൊരു വലിയ നഷ്ടമായിരിക്കും. അതുകൊണ്ട് തന്റെ സുഹൃത്ത് പറഞ്ഞതു പോലെ വെള്ളത്തിൽ മുങ്ങുക തന്നെ”. ഇപ്രകാരം പലരും പല സഭകളിലേക്കും പോകുന്നതു കണ്ടപ്പോൾ സഭാ നേതാക്കന്മാരുടെ മനസിൽ സങ്കർഷം ഉണ്ടായി. സ്നാനം അത്തരത്തിൽ വേണ്ടവർക്ക് വെള്ളത്തിൽ മുക്കി സ്നാനപ്പെടുത്തുക തന്നെ എന്നവർ തീരുമാനിച്ചു. പള്ളിയോട് ചേർന്ന് ടാങ്കുകൾ കെട്ടപ്പെട്ടു, അതിൽ മുക്കി സ്നാനവും നടത്താൻ തുടങ്ങി.

കുളത്തിലൊ, ടാങ്കിലൊ, മുങ്ങിയാലും യഥാർത്ഥത്തിൽ സ്നാനത്തിന്റെ ലക്ഷ്യം നിറവേറ്റപ്പെടുന്നുണ്ടോ?. സ്നാനത്തിന്റെ പ്രഖ്യാപിത ലക്ഷ്യം എന്ത്?. യേശുക്രി സ്തു സ്നാനമേറ്റത് എപ്പോൾ? ഇതൊക്കെ ചിന്തിക്കേണ്ട വിഷയങ്ങളാണ്. യോർ ദാൻ നദി പുണ്യനദിയായി അറിയപ്പെടുന്നു. ഓരോ രാജ്യത്തും അത്തരം പുണ്യ നദികൾ അതാതു രാജ്യത്തെ സംസ്കാരങ്ങളോട് ബന്ധപ്പെട്ടു കിടക്കുന്നു. കുള ത്തിലും ടാങ്കിലും നദിയിലും വെള്ളമാണെങ്കിലും നദിക്ക് ഒത്തിരി കാര്യങ്ങൾ പറ യാനുണ്ട്. ഒരുപക്ഷെ അതൊന്നും പറഞ്ഞുതരാൻ ടാങ്കിനോ, കുളത്തിനോ കഴിയു കയുമില്ല. നദി ഒരിക്കലും സംസാരിക്കുന്നില്ല, എങ്കിലും ബുദ്ധിമാൻ നദിയിൽ നി ന്നും പാഠങ്ങൾ പഠിക്കുന്നു. ദൈവം മനുഷ്യനെ പണ്ടുകാലം മുതലെ പ്രകൃതി യിലൂടെ പഠങ്ങൾ പഠിപ്പിച്ചിട്ടുണ്ട്. അത്തി വൃക്ഷം തളിർക്കുന്നത് ഒന്നിന്റെ സൂചന യാണ്. മഴവില്ല് മറ്റൊന്നിന്റെ സൂചനയായി ബൈബിളിൽ പറയുന്നു. അങ്ങനെ പ്രകൃതിലെ പലതിൽ നിന്നും മനുഷ്യന് സന്ദേശങ്ങൾ ലഭിച്ചിരുന്നതായി ബൈബിൾ തന്നെ രേഖപ്പെടുത്തുന്നുണ്ട്. ചിന്താശക്തിയുള്ളവർക്കാണ് ഇത്തരം അറിവുകൾ ലഭിക്കുന്നത്. ഒരു ആപ്പിൾ വീണത് ഗ്രാവിറ്റിയുടെ അറിവിലേക്ക് നയിച്ചു, വെള്ളം തിളച്ചപ്പോൾ മൂടിവെച്ചിരുന്ന പാത്രം പൊങ്ങുന്നത് കണ്ടത് ആവി എൻജിന്റെ ആവി ർഭാവത്തിലേക്ക് നയിച്ചു. പക്ഷിയുടെ ആകൃതിയും പറക്കലും വിമാനത്തിന്റെ കണ്ടു പിടുത്തത്തിലേക്ക് നയിച്ചു. ഇങ്ങനെ ചിന്തിച്ചാൽ ഒട്ടനവധി വിഷയങ്ങൾ മനുഷ്യന് പ്രചോദനം നൽകി പുതിയ അറിവുകളിലേക്ക് നയിച്ചിട്ടുണ്ട്. ദൈവം നേരിട്ട് പഠിപ്പി ച്ചതിനേക്കാൾ വളരെക്കൂടുതൽ മനുഷ്യരാശിയെ പഠിപ്പിച്ചത് തന്റെ സൃഷ്ടിയിലൂടെ യാണ്. സൃഷ്ടിയിൽ പലതും ഇന്ന് മനുഷ്യന്റെ ഗുരുക്കന്മാരാണ്. ജ്ഞാനം ദൈവ ത്തിൽ നിന്നും വരുന്നു എങ്കിലും പലപ്പോഴും അത് തന്റെ സൃഷ്ടിയിലൂടെയാണ് ദൈവം വെളിപ്പെടുത്തിയത്.

നദിക്കും സമുദ്രത്തിനും മലകൾക്കുമൊക്കെ നമ്മെ പലതും പഠിപ്പിക്കാനുണ്ട്. സഹജവാസനകളുടെ ബലത്തിലാണ് മൃഗങ്ങൾ പ്രവർത്തിക്കുന്നത്. വികാരത്തിലുപരി വിചാരം മൃഗങ്ങൾക്ക് വളരെക്കുറവാണ്. മനനം ചെയ്യാൻ കഴിവുള്ളവരാണ് മനുഷ്യർ. ചിന്ത, ധ്യാനം മുതലായവയൊക്കെ മനുഷ്യനുമാത്രമേ കഴിയൂ. ശാസ്ത്രജ്ഞന്മാർ പ്രകൃതിരഹസ്യങ്ങൾ കണ്ടുപിടിക്കുന്നതിൽ പ്രധാന ഘടകം ചിന്തയേയും (വിചാരം) ധ്യാനത്തേയും ആശ്രയിച്ചാണ്. സ്നാപകയോഹന്നാൻ നിർജ്ജനപ്രദേശത്ത് തപസും ധ്യാനവുമായി കഴിഞ്ഞിരുന്നതായി നാം മനസിലാക്കുന്നു. ദൈവീക രഹസ്യങ്ങൾ വെളിപ്പെടുത്തിയ പ്രവാചകന്മാരെല്ലാം ഈ മാർഗത്തിൽ സഞ്ചരിച്ചവരാണ്.

നദി എന്തു പാഠമാണ് നമ്മെ പഠിപ്പിക്കുന്നത്? സ്നാനം സ്വീകരിക്കാൻ എന്തുകൊണ്ട് നദിയെ യേശുക്രിസ്തു സ്വീകരിച്ചു? ഒരു സാധാരണ വ്യക്തിയെ സംബന്ധിച്ചിടത്തോളം നദിക്ക് ഒന്നും പഠിപ്പിക്കാനില്ല. എന്നാൽ ഒരു ചിന്തകന്, ഒരു സത്യാന്വേഷിക്ക് പലതും നദിയിൽ നിന്നും പഠിക്കാൻ കഴിയും. കുറേ വെള്ളം നദിയിലൂടെ ഒഴുകുന്നത് കാണുമ്പോൾ ചിന്തകൻ ആലോചിക്കുന്നത് ഇത് എവിടെ നിന്നും വരുന്നു എന്നാണ്. അവൻ അതിന്റെ ഉറവിടം അന്വേഷിക്കുന്നു. മലമുകളിൽ പെയ്യുന്ന വെള്ളം ഒഴുകി ചെറിയ നീർച്ചാലുകൾ രൂപാന്തരപ്പെടുന്നതും, അതുകൾ കൂടിച്ചേർന്ന് ഒരു തോടായി മാറുന്നതും അങ്ങനെ പല തോടുകൾ ചേർന്ന് ഒരു നദിയായി തീരുന്നതും അവൻ മനസിലാക്കുന്നു. അവന്റെ അടുത്ത ചിന്ത ഈ വെള്ളം എല്ലാം എവിടേക്കാണ് ഒഴുകിപ്പോകുന്നത്?. അന്വേഷണത്തിൽ അത് സമുദ്രത്തിൽ ചെന്നു ചേരുന്നു എന്നവൻ അറിയുന്നു. ഒരു ബുദ്ധിമാൻ അന്വേഷണം ഇവിടെ അവസാനിപ്പിക്കുന്നില്ല. അവൻ ചിന്തിക്കുന്നു, എന്തുകൊണ്ട് വെള്ളം ഒഴുകുന്നു?. ഉയർന്ന പ്രദേശങ്ങളിൽ നിന്നും വെള്ളം താണപ്രദേശത്തേക്ക് ഒഴുകുന്നത് എന്തുകൊണ്ട്? ഏത് ശക്തിയാണ് വെള്ളത്തെ ഉയരത്തിൽ നിന്നും താഴോട്ട് ഒഴുക്കുന്നത്? ആ ശക്തി എങ്ങനെ എവിടെനിന്നും ഉണ്ടാകുന്നു?. ഇത്തരം ചോദ്യങ്ങൾക്കൊക്കെ ഉത്തരം കിട്ടിയാലും അവന്റെ ചോദ്യങ്ങൾ അവസാനിക്കില്ല. അവന്റെ അടുത്ത ചിന്ത എങ്ങനെ ഈ വെള്ളം മലമുകളിൽ പതിക്കുന്നു എന്നാണ്. അപ്പോൾ അവന് മഴ അതിന്റെ രഹസ്യം വെളിപ്പെടുത്തിക്കൊടുക്കുന്നു. മേഘങ്ങൾ ചില രഹസ്യം പറഞ്ഞുകൊടുക്കുന്നു. സൂര്യൻ അവന്റെ ഗുരുവായിത്തീരുന്നു. കാറ്റ് അവന് ഉപദേശങ്ങൾ കൊടുക്കുന്നു. ആകാശം അവനെ ചിലത് പഠിപ്പിക്കുന്നു.

ഒരു നദിയിൽ വെള്ളം ഒഴുകുന്നത് നിരീക്ഷിച്ചവന് വളരെയേറെ ഭൗതീക അറിവുകൾ ലഭിക്കുന്നതോടൊപ്പം ഒരു മനുഷ്യന്റെ ഈ ലോകജീവിതത്തിന്റെ ആത്യന്തീക ലക്ഷ്യത്തിലേക്ക് ചിന്തിക്കാനുള്ള വഴിയും തുറക്കുന്നു. സമുദ്രത്തിൽ നിന്നും സൂര്യതാപത്താൽ വെള്ളം ആവിയായി മുകളിലേക്ക് പൊങ്ങുന്നു. അതിനെ കാറ്റ് അടിച്ച് ആകാശത്തിലൂടെ പറത്തുന്നു. അത് മേഘമായി രൂപന്തരപ്പെട്ട് സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോൾ പർവതനിരകൾ അതിനെ തടഞ്ഞുനിർത്തുന്നു. മേഘം തണുത്ത് ചെറിയ ജലകണങ്ങൾ ഉണ്ടാകുന്നു. ചെറിയ ജലകണങ്ങൾ കൂടിച്ചേർന്ന് വെള്ളത്തുള്ളികളായിത്തീരുന്നു. ഭൂമിയുടെ ഗുർത്വാകർഷണശക്തി അതിനെ താഴോട്ട് ആകർഷിക്കുന്നു. അങ്ങനെ മഴത്തുള്ളികൾ ഭൂമിയിൽ വീഴുന്നു. തുള്ളികൾ കൂടിച്ചേർന്ന് ചെറിയ നീർച്ചാലുകളും തോടുകളും പുഴകളും ഉണ്ടാകുന്നു. പുഴകൾ വെള്ളത്തെ സമുദ്രത്തിൽ എത്തിക്കുന്നു. ഇവിടെ പലതരത്തിലുള്ള ശക്തിവിശേഷങ്ങൾ പ്രവർത്തിച്ചത് കാണാം. സൂര്യന്റെ താപന ശക്തിയാണ് അതിൽ ഒന്ന്. സർവശക്തികളും ദൈവത്തിൽ നിന്നും ഉത്ഭവിക്കുന്നു. ദൈവം സർവശക്തനാണ്. ദൈവം സൂര്യനിലൂടെ സമുദ്രത്തെ തപിപ്പിച്ച് അതിൽ നിന്നും നീരാവിയുണ്ടാക്കുന്നു. ഭൂമിയുടെ ഗ്രാവിറ്റിയെ അതിക്രമിച്ച് അത് മുകളിലേക്ക് ആകാശത്തിലേക്ക് ഉയരുന്നു. അതിക്രമിക്കാനുള്ള കഴിവും ദൈവത്തിൽ നിന്നും വരുന്നതാണ്. അതിനെ ആകാശത്തിലൂടെ പറത്തിക്കൊണ്ട് പോകാൻ കാറ്റിലൂടെ ദൈവം പ്രവർത്തിക്കുന്നു. ദൈവം കാ

റ്റിനേയും അഗ്നിജ്വാലകളേയും തന്റെ ദൂതന്മാരും ശുശ്രൂകന്മാരും ആക്കുന്നു എന്ന് ബൈബിൾ പറയുന്നു. അപ്പോൾ ദൂതനോ, ശുശ്രൂഷകനോ ആകുന്നു ഇവിടെ കാറ്റ്. ദൈവത്തിന്റെ ഒരു ശക്തിയാണിവിടെ കാറ്റിലൂടെ ഉപയോഗിക്കുന്നത്. പൂർണ്ണതയെ ദൈവമെന്ന് പറയുമ്പോൾ അംശത്തെ ദൂതനെന്നോ, ദേവനെന്നൊ, ശുശ്രൂഷകനെന്നൊ ഒക്കെ പറയുന്നു എന്ന് നമുക്ക് കാണാം. സൂര്യൻ, കാറ്റ്, സമുദ്രം, ആകാശം, ഗ്രാവിറ്റി മുതലായവയൊക്കെ ഇവിടെ ദൈവത്തിന്റെ പദ്ധതികളെ നടത്തുന്ന ദേവന്മാരോ, ദൂതന്മാരോ ആണ്. അല്ലെങ്കിൽ ദൈവം ഇവയിലൂടെയെല്ലാം തന്റെ പദ്ധതികൾ നടപ്പിലാക്കുന്നു എന്നു പറയാം.

നദിയെക്കുറിച്ചുള്ള ചിന്ത ഇവിടേയും അവസാനിക്കുന്നില്ല. പാറക്കെട്ടുകളും, മരങ്ങളും എല്ലാം തന്റെ പാതയിലെ തടസങ്ങളായിരുന്നു. എന്നാൽ അതെല്ലാം ക്രമേണ അതിക്രമിച്ച് തന്റെ ലക്ഷ്യസ്ഥാനത്തേക്ക് നദി ഒഴുകിയെത്തുന്നു. ധാരാളം മാലിന്യങ്ങളെ തന്നിലേക്ക് ലയിപ്പിച്ച് അതെല്ലാം സമുദ്രത്തിലെത്തിക്കുന്നു. പാറകളെപ്പോലും വർഷങ്ങൾകൊണ്ട് പൊടിച്ച് പൊടിയാക്കുന്നു. നദിക്ക് ദൈവത്തിന്റെ പ്രകൃതിയുടെ നിയമങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുകയല്ലാതെ സ്വന്തമായി ആഗ്രഹങ്ങൾ ഇല്ല. ദൈവത്തിന്റെ ഇഷ്ടം പ്രവർത്തിക്കുക മാത്രമെ നദികൾ ചെയ്യുന്നുള്ളു. അതുകൊണ്ട് നദിയിൽ എത്തിച്ചേരുന്ന ജലം അതിന്റെ ഉത്ഭവസ്ഥാനത്ത് എത്തിച്ചേരുന്നു. നദി നിരന്തരമായി യാത്രയിലാണ്, നദി പഠിപ്പിക്കുന്നത് എവിടേയും ചടഞ്ഞുകൂടാതെ ഉത്ഭവസ്ഥാനത്തേക്ക് യാത്ര ചെയ്യുക എന്നാണ്. നദിയിൽ സ്നാനമേൽക്കുന്ന വ്യക്തി നദിയെ ഗുരുവായി സ്വീകരിക്കുന്നു എങ്കിൽ ലക്ഷ്യത്തിൽ എത്തിച്ചേരാൻ സഹായകമാണ്.

നദിയിൽ നിന്നും പാഠങ്ങൾ പഠിക്കാതെ സ്നാനം ഒരു ചടങ്ങായി സ്വീകരിക്കുന്നവർ ദൈവീക ഒഴുക്കുകൾക്ക് നിന്നു കൊടുക്കാറില്ല. ജീവിതത്തിന്റെ ലക്ഷ്യം ദൈവത്തിൽ ചെന്ന് ലയിക്കലാണ് എന്നും അറിയുന്നില്ല. ഒരു നിമിഷം പോലും എവിടേയും നിൽക്കാതെ അനവരതം ലക്ഷ്യത്തിലേക്ക് സഞ്ചരിക്കുന്ന നദി ആത്മീയ യാത്ര എങ്ങനെ ചെയ്യണമെന്ന് പഠിപ്പിക്കുന്നു. കുറച്ച് വെള്ളം തളിച്ചോ, കുളത്തിൽ മുങ്ങിയോ, ഒരു ടാങ്കുണ്ടാക്കി അതിൽ പൈപ്പ് വെള്ളം നിറച്ചോ സ്നാനം ചെയ്യുന്നതിലും കാര്യമില്ല. പുണ്യ നദികളിൽ പോയി നദിയെ തന്റെ യാത്രയുടെ ഗുരുവായി സ്വീകരിച്ച് നദിയെപ്പോലെ ഉത്ഭവവും ലക്ഷ്യവും ആയ ദൈവത്തിലേക്ക്, ആത്മാവിലേക്ക്, എല്ലാ തടസങ്ങളേയും അതിക്രമിച്ച് എത്തിച്ചേരേണ്ടതാണ്. സ്നാനം എന്ന ചടങ്ങിനേക്കാളുപരി ഇവിടെ നദി പഠിപ്പിക്കുന്ന പാഠമാണ് പ്രസക്തമായത്. അതുകൊണ്ട് വെള്ളത്തിൽ മുങ്ങി സ്നാനപ്പെട്ടാലും പോരാ, നദികളിൽ മുങ്ങി സ്നാനമേൽക്കാതെ വെള്ളത്താലുള്ള സ്നാനം പൂർണ്ണമാകുന്നില്ല.

ജീവന്റെ അഭിലാഷം അതിന്റെ ഉത്ഭവമായ ആത്മാവിൽ(ദൈവത്തിൽ) ലയിക്കുകയാണ്. പക്ഷെ ജഡീക മനസ് അതിന് വിരുദ്ധമായി അഭിലഷിക്കുന്നു. ജഡീകാഭിലാഷം എപ്പോഴും ജീവാത്മാവിന്റെ അഭിലാഷത്തിന് എതിരാണ്. അതുകൊണ്ട് ബൈബിൾ പറയുന്നു ജഡീകാഭിലാഷങ്ങൾ ഉള്ളവർക്ക് ദൈവത്തെ പ്രസാദിപ്പിക്കാൻ കഴിയില്ല. ജഡീകാഭിലാഷങ്ങൾ ആത്മാഭിലാഷങ്ങളുടെ ശത്രുവാകയാൽ ജഡീകാഭിലാഷങ്ങൾ, ആത്മാഭിലാഷങ്ങൾ ഉദയം ചെയ്യാതെ അടക്കി അമർത്തി വെക്കുന്നു. ജഡീകാഭിലാഷങ്ങൾ ഇല്ലാതാകുമ്പോൾ മാത്രമാണ് ആത്മാഭിലാഷം തലപൊക്കുന്നത്. അതുകൊണ്ട് ജഡീകാഗ്രഹങ്ങൾക്കായി ആഗ്രഹിക്കുകയും ദൈവത്തോട് പ്രാർത്ഥിക്കുകയും ചെയ്യുമ്പോൾ അത് ജീവാത്മാവിന്റെ സ്വാതന്ത്ര്യപ്രാപ്തിയെ തടയുകയാണ് ചെയ്യുന്നത്. ആഗ്രഹങ്ങൾ അന്തമില്ലാത്തതാകയാൽ മരണം വരെ അത് അവസാനിക്കുകയില്ല. അഥവാ ലൗകീക സുഖഭോഗങ്ങൾ അൽപം എങ്കിലും ആഗ്രഹിക്കുന്നവർക്ക് ദൈവത്തെ പ്രസാദിപ്പിക്കുവാനോ, ദൈവസന്നിധിയിൽ എത്തിച്ചേരാനോ കഴിയില്ല. ലൗകീക സ്നേഹം ദൈവത്തോട് ശത്രുതയുണ്ടാക്കുന്നു. ലൗകീകമായ ആഗ്രഹങ്ങൾ ഉള്ളവരെയാണ് ബൈബിൾ ജഡീകനെ

ന്ന് ഉദ്ദേശിക്കുന്നത്. അത്തരക്കാർക്ക് സ്നാനം കൊണ്ട് ഉദ്ദിഷ്ട പ്രയോജനമൊന്നും ലഭിക്കുന്നുമില്ല.

പിന്നെ ആർക്കാണ് സ്നാനം?. ഈ ലോകമായ ഈജിപ്റ്റിലെ വാസത്തെ ഉപേക്ഷിച്ച് സ്വർഗീയ കനാനിലേക്ക് യാത്ര ചെയ്യുന്നവർക്കാണ്. ചെങ്കടൽ കടക്കുന്നത് ഈജിപ്റ്റിലൂടെ കുറേ ദൂരം സഞ്ചരിച്ചിട്ടാണ്. നാൽപത് ദിവസം ഉപവസിച്ച് സാത്താനെ ജയിച്ചശേഷം മാത്രമാണ് യേശുക്രിസ്തു സ്നാനം ഏറ്റത്. അതും ചെറുപ്പത്തിലെ ലൗകീക ജീവിതം ത്യജിച്ച്, നിർജ്ജനപ്രദേശത്ത് തപസ്സിൽ മുഴുകിയിരുന്ന ഒരു താപസനിൽ നിന്നാണ് യേശുക്രിസ്തു സ്നാനം സ്വീകരിച്ചത്. ഈ ലോകത്തെ ത്യജിച്ചവർക്കാണ് സ്നാനം ചെയ്യാനുള്ള അധികാരം എന്നിവിടെ യേശു പരോക്ഷമായി സൂചിപ്പിക്കുന്നു. അതുകൊണ്ട് ചില സഭകളിൽ വിവാഹം ചെയ്യാത്തവരെ മാത്രം ഇത്തരം കർമ്മങ്ങൾക്ക് നിയോഗിക്കുന്നു. നിനക്കുള്ളതെല്ലാം ത്യജിച്ച് നിന്നെത്തന്നെ പകച്ച് എന്നെ അനുഗമിക്കുക എന്ന് യേശുക്രിസ്തു പറഞ്ഞത് ഇവിടെ പ്രസക്തമാണ്. ഒരു ലൗകീകന്, ലൗകീക ആഗ്രഹങ്ങൾ ഉള്ളവന്, മറ്റുള്ളവരെ സ്നാനപ്പെടുത്താനോ, ഉപദേശിക്കാനോ വാസ്തവത്തിൽ അധികാരം കൊടുത്തിട്ടുണ്ടോ?. മദ്യപാനി ബൈബിൾ ഉദ്ധരിച്ച് തന്നെ ന്യായീകരിക്കുന്നതുപോലെ ഒരു ലൗകീകനും ബൈബിൾ ഉദ്ധരിച്ച് തന്റെ കുറവുകളെ ന്യായീകരിക്കയല്ലാതെ സത്യം പറയില്ല. കാരണം, പറഞ്ഞാൽ തന്റെ നിലനിൽപിനെ ബാധിക്കും. ഇന്ന് ഉപദേശിക്കുന്ന ചിലർ ഒന്നും ത്യജിക്കാനല്ല പഠിപ്പിക്കുന്നത്, ഉള്ളതിൽ സംതൃപ്തനാകാനല്ല, കൂടുതൽ ചോദിച്ച് വാങ്ങിക്കാനാണ്. ദൈവത്തെ അന്വേഷിക്കാനല്ല അവർ ആഗ്രഹിക്കുന്നത് ദൈവത്തിൽ നിന്ന് പലതും ചോദിച്ച് വാങ്ങിക്കാനാണ്.

ദൈവത്തെ അന്വേഷിക്കുന്ന ബുദ്ധിമാൻ ഉണ്ടോ എന്നറിയുവാൻ ദൈവം സ്വർഗത്തിലിരുന്ന് ഉറ്റുനോക്കുന്നു. ഇല്ല ഒരുത്തനുമില്ല. ഇതാണ് പഴയ നിയമകാലത്തേയും, പുതിയനിയമകാലത്തേയും അവസ്ഥ. രക്ഷിക്കപ്പെടുന്നവർ ചുരുക്കം എന്ന് യേശുവും പറഞ്ഞത് ഇവിടേ സ്മരിക്കേണ്ടതാണ്.

സ്നാനം എന്നത് സ്വർഗീയ യാത്രയ്ക്കുള്ള ഒരു പ്രധാന പടിയാണ്. മാനസീക പരിവർത്തനം വന്നവർക്കാണ് അതിന്റെ ആവശ്യം. ലോകത്തിന്റെ മായയിൽ മോഹിച്ച്, സാത്താന്റെ അടിമയായിക്കഴിയുന്ന അവസ്ഥയിൽ നിന്നും സ്വാതന്ത്ര്യം ആഗ്രഹിക്കുന്നവർക്ക് വേണ്ടതാണ് സ്നാനം. ദാഹിച്ചു വലഞ്ഞ മാനുകൾ ദാഹജലത്തിനായി നീർത്തോടുകളിലേക്ക് ഓടുന്നതുപോലെ, ദൈവത്തിലേക്ക് ചേരാൻ ആഗ്രഹിക്കുന്ന ജീവന്മാർക്കാണ് അതിന്റെ ആവശ്യം.

ഈ ലോക ജീവിതത്തിനായി ദൈവത്തെ ആശ്രയിക്കുന്നവർക്ക് സ്നാനത്തിന്റെ ആവശ്യം ഉണ്ടോ എന്ന് ചിന്തിക്കുക. പിശാചിനോടും ആഗ്രഹങ്ങളോടും പോരാടി ജയിക്കാൻ പരിശ്രമിക്കുന്നവർക്കാണ് സ്നാനത്തിന്റെ ആവശ്യം എന്ന് തന്റെ അനുഭവത്തിലൂടെ യേശു ക്രിസ്തു പഠിപ്പിക്കുന്നു. ലൗകീക സുഖഭോഗങ്ങളും ആഗ്രഹങ്ങളും ത്യജിച്ച ഒരു താപസനായ സ്നാപകയോഹന്നാനാണ് യേശുവിനെ സ്നാനപ്പെടുത്തിയത്. സ്നാനപ്പെടുത്തുന്നവനും, സ്നാനപ്പെടുന്നവനും അതിന് അധികാരികൾ ആയിരിക്കണമെന്നാണ് യേശുക്രിസ്തു തന്റെ അനുഭവത്തിലൂടെ പരോക്ഷമായി നമ്മെ പഠിപ്പിച്ചത്. ശൈശവകാലത്ത് ലഭിച്ച സ്നാനത്തിനനുസരിച്ച് ജീവിക്കാൻ പ്രേരിപ്പിക്കേണ്ട ബാധ്യത മദ്ധ്യസ്ഥം നിന്ന വ്യക്തിക്കുണ്ട്. സ്നാനം സ്വീകരിച്ച വ്യക്തി അതനുസരിച്ച് ജീവിക്കേണ്ടതാണ്.

Abraham_mukkath@yahoo.com